യാത്രക്കൂലി ഈടാക്കിയിട്ടില്ല എന്ന് ഇൻഡ്യൻ എയർലൈൻസ് വൃത്തങ്ങൾ അറിയിച്ചിട്ടുണ്ട്. പ്രത്യേക വിമാനസർവ്വീസ് ഏർപ്പെടുത്തിയതുമൂലമാണ് ഇപ്രകാരം കൂടുതൽ യാത്രാക്കൂലി ഈടാക്കാനിടയായത് എന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി) മറ്റ് വിമാനകമ്പനികളെ അപേക്ഷിച്ച് ഇൻഡ്യൻ എയർലൈൻസ് വളരെ കുറഞ്ഞ വർദ്ധന മാത്രമേ നടപ്പിലാക്കിയിരുന്നുള്ളൂ. മാത്രമല്ല ഇൻഷ്വറൻസ് പരിരക്ഷക്ക് കൂടുതലായി ഏർപ്പെടുത്തിയിരുന്ന 25 അമേരിക്കൻ ഡോളർ ഇൻഡ്യൻ എയർലൈൻസ് യാത്രാക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല. അതിനാൽ കൂടുതലായി ഈടാക്കിയ തുക റീഫണ്ട് ചെയ്യുന്നതിനെക്കുറിച്ച് ഇൻഡ്യൻ എയർലൈൻസ് അഭിപ്രായമൊന്നും അറിയിച്ചിട്ടില്ല.

ഇറാക്ക് യുദ്ധകാലത്ത് നെടുമ്പാശ്ശേരിയിലെത്തിയ പിഞ്ചു കുഞ്ഞുങ്ങളെ സ്വീകരിക്കാനും വീട്ടിലെത്തിക്കാനും സ്വീകരിച്ച നടപടി

154 (1465) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറാക്ക് യുദ്ധത്തോടനുബന്ധിച്ച് കുവൈറ്റിൽ നിന്നും 20-3-2003-ൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിയവരെ സ്വീകരിക്കാനും അവർക്ക് സ്വന്തം വീടുകളിൽ പോകുന്നതിനും എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിരുന്നു ;

(ബി) പ്രസ്തുത ദിവസം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്ര പിഞ്ചു കുട്ടികൾ എത്തുകയുണ്ടായി ;

(സി) ഇത് സംബന്ധിച്ച് നോർക്കയ്ക്ക് എന്തെങ്കിലും വിവരം ലഭിച്ചിരുന്നുവോ ;

(ഡി) ഈ പിഞ്ചു കുഞ്ഞുങ്ങളെ അവരുടെ ബന്ധുക്കളെ ഏൽപ്പിക്കുവാൻ നോർക്ക എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിരുന്നു ; വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലാകളക്ടറുടെ മേൽനോട്ടത്തിൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിച്ചിരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ അറിയിപ്പുകൾ ഒന്നുംതന്നെ ലഭിക്കാതിരുന്നതിനാൽ നോർക്കയിൽ നിന്നും ഏർപ്പാടുകൾ ചെയ്യുന്നതിന് സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly